പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1262. — 21/03/2013 -ൽ മറുപടിക്ക്

**ഭൂമി രജിസ്ട്രേഷനിലൂടെയുള്ള വരുമാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2011-2012 സാമ്പത്തിക വർഷം ഭൂമി രജിസ്ട്രേഷനിലൂടെ എന്ത് തുക വരുമാനം ഉണ്ടായെന്ന് വ്യക്തമാക്കുമോ; | എ) 2011-2012 സാമ്പത്തിക വർഷം, ഭൂമി രജിസ്ട്രേഷനിലൂടെ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ആകെ 2773.06 കോടി രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. |
| ബി) പ്രസ്തുത ഇനത്തിൽ 2012-2013 വർഷത്തിൽ നാളിതുവരെയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | ബി) 2012-2013 സാമ്പത്തിക വർഷം ഫെബ്രുവരി മാസം വരെ, 2503.80 കോടി രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. |
| സി) കഴിഞ്ഞ സാമ്പത്തിക വർഷം വരുമാനം എത്ര ശതമാനമായി കുറഞ്ഞുവെന്നും അതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ ; | സി) വരുമാനം കുറഞ്ഞില്ലെന്നു മാത്രമല്ല, അത് കൂടുകയും ചെയ്തു. 2010-2011 സാമ്പത്തിക വർഷം 2329.22 കോടി രൂപ വരുമാനം നേടിയെങ്കിൽ, 2011-2012 സാമ്പത്തിക വർഷം അത് 2773.06 കോടി രൂപയായി വർദ്ധിച്ചു. 19.06% വർദ്ധനവ് ആണ് ഇത് കാണിക്കുന്നത്. |
| ഡി) നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തിയത് വരുമാനക്കുറവിന് കാരണമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.